# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2539** **12.03.2020-ൽ മറുപടിക്ക്**

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) ഓരോ തസ്തികക്കും ബാധകമാക്കിയിട്ടുള്ള മിനിമം ശമ്പളം എത്രയാണ് ? | (എ) യും (ബി) യും സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം 16.01.2020-ലെ ജി.ഒ.(പി) നം.8/2020/തൊഴിൽ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഓരോ തസ്തികയ്ക്കും നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്കുകൾ ഉൾക്കൊള്ളുന്ന വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2020 ജനുവരി 20<br>20th January 2020<br>1195 മകരം 6<br>6th Makaram 1195<br>1941 പൌഷം 30<br>30th Pousha 1941 | നമ്പർ<br>No. | 165 |

GOVERNMENT OF KERALA
**Labour and Skills (E) Department**

NOTIFICATION

G.O. (P) No. 8/2020/LBR.

*Dated, Thiruvananthapuram, 16th January, 2020*
*2nd Makaram, 1195.*

**S. R. O. No. 44/2020**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposals published under Notification No. 20549/E1/2015/LBR dated 28th July, 2016 in the Kerala Gazette Extraordinary No.1410

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government, after considering the objections and suggestions on the draft proposal on the minimum rates of wages payable to the employees employed in the Private Financial Institutions in the State published as Preliminary Notification No.20549/E1/2015/LBR dated 28th July, 2016 in the Kerala Gazette Extraordinary No.1410 dated 9th August, 2016, and on the advice of the Minimum Wages Advisory Board constituted for this purpose have decided to fix the minimum rates of wages in the said sector.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ. ഉ. (അച്ചടി) നമ്പർ 8/2020/തൊഴിൽ.

*തിരുവനന്തപുരം, 2020 ജനുവരി 16*
*1195 മകരം 2.*

**എസ്. ആർ. ഒ. നമ്പർ 44/2020**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2016 ജൂലൈ 28-ാം തീയതിയിലെ 20549/ഇ1/2015/തൊഴിൽ എന്ന നമ്പരായി പുറപ്പെടുവിച്ചതും 2016 ആഗസ്റ്റ് 9-ാം തീയതിയിലെ 1410-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും, കേരള സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്നപ്രകാരം കേരള സർക്കാർ, ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ നിശ്ചയിക്കപ്പെട്ട നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

## പട്ടിക

**സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ**
**(ബാങ്കിംഗ്, നോൺബാങ്കിംഗ്, ഇൻഷ്വറൻസ്, മൈക്രോഫിനാൻസ്, വിദേശനാണ്യ വിനിമയ ഹയർ പർച്ചേസ്, ചിട്ടി, കുറി, പണയ സ്ഥാപനങ്ങൾ ഉൾപ്പെടെ)**

| *ക്രമ നമ്പർ* | *തസ്തിക* | *ശമ്പള സ്കെയിൽ (₹)* |
|---|---|---|
| (1) | (2) | (3) |
| (i) | ക്ലീനർ, സ്വീപ്പർ, ഹൗസ്കീപ്പിംഗ് അസിസ്റ്റന്റ്, അറ്റൻഡർ, ഓഫീസ് അറ്റന്റന്റ്, മെസഞ്ചർ | 10150-400-12150-500-14650 |
| (ii) | ഗാർഡനർ, വാച്ച്മാൻ/സെക്യൂരിറ്റി ഗാർഡ് (സായുധരല്ലാത്തവർ) | 10750-400-12750-500-15250 |
| (iii) | ഡ്രൈവർ | 11500-400-13500-500-16000 |
| (iv) | കളക്ഷൻ എക്സിക്യൂട്ടീവ്, എ. ടി. എം. കാഷ് ലോഡിംഗ് എക്സിക്യൂട്ടീവ്, കളക്ഷൻ ഏജന്റ്, റിക്കവറി അസിസ്റ്റന്റ്, ബിൽ കളക്ടർ, അപ്രൈസർ, സെക്യൂരിറ്റി ഗാർഡ് (സായുധരായവർ) | 13250-700-16750-800-20750 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/